LIBRARY ARCHIVES Kerala Legislative Assembly

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

224 (3511) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് യഥാസമയം പെൻഷനും, ഗ്രാറ്റുവിറ്റിയും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ; സർക്കാർ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ അനുവദിച്ചിട്ടുള്ള പദ്ധതിയേതര ഗ്രാന്റിൽ നിന്നും കേരള കാർഷിക സർവ്വകാലശാലയുടെ സ്വന്തം വിഭവലഭ്യതയിൽ നിന്നും കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ നല്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

225 (3512) ശ്രീ. ജെയിംസ് മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഈ മേഖലയിൽ എത്ര സീറ്റുകളാണ് ഓരോ കോഴ്സിനുമുള്ളത് ;

(ഡി) ഇത് വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകളും, അഫിലിയേറ്റഡ് കോളേജുകളും ആരംഭിക്കണമെന്ന് കാർഷിക സർവ്വകലാശാലയുടെ 111-മത് ജനറൽ കൗൺസിൽ തീരുമാനം കൈക്കാണ്ടിട്ടുണ്ട്. ഇതുനടപ്പിലാക്കണമെങ്കിൽ നിലവിലുള്ള കാർഷിക സർവ്വകലാശാല നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ആവശ്യത്തിന് സ്വാശ്രയ കോഴ്സുകൾ ആരംഭിച്ച പശ്ചാത്തലത്തിലാണ് കാർഷിക മേഖലയിൽ കൂടി ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത്. എന്നാൽ സർക്കാർ ഇതുസംബന്ധിച്ച് തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.

(സി)	1.	ബി.എസ്.സി.(അഗ്രി)	209
	2.	എം.എസ്.സി. (അഗ്രി)	166
	3.	പി.എച്ച്.ഡി. (അഗ്രി)	65
	4.	ബി.എസ്.സി.(ഫോറസ്ട്രി)	30
	5.	എം.എസ്.സി.(ഫോറസ്ട്രി)	16
	6.	പി.എച്ച്.ഡി. (ഫോറസ്ട്രി)	7
	7.	ബി.എസ്.സി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ്	40
	8.	എം.എസ്.സി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ്	12
	9.	പി.എച്ച്.ഡി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ്	2
	10.	ബി.ടെക് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്	49
	11.	എം.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ്	18
	12.	പി.എച്ച്.ഡി. അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്	6
	13.	ബി.ടെക് ഫുഡ് എഞ്ചിനീയറിംഗ്	30
	14.	എം.ബി.എ.	40

LIBRARY ARCHIVES Kerala Legislative Assembly

15.	എം.എസ്.സി.(ഇന്റഗ്രേറ്റഡ്) സി.സി.എ.	20
16.	എം.എസ്.സി.(ഇന്റഗ്രേറ്റഡ്) ബയോടെക്നോളജി	20
17.	ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ്	50
18.	ഡിപ്ലോമ ഇൻ ഓർഗാനിക്ക് അഗ്രികൾച്ചർ	20
19.	പി.ജി. ഡിപ്ലോമ ഇൻ സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ്	10
20.	പി.ജി. ഡിപ്ലോമ ഇൻ അനലിറ്റിക്കൽ ടെക്നിക്സ്	30

(ഡി) ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് പുറത്ത് വിദ്യാർത്ഥികൾ ഇത്തരം കോഴ്സുകൾക്കായി അഡ്മിഷൻ തേടി പോകുന്ന സാഹചര്യം നിലവിലുണ്ട്.

തെരുവ് നായ്ക്കളുടെ നിർമ്മാർജ്ജനം

226 (3513) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ടിന്റെ പ്രവർത്തനം സംസ്ഥാനത്ത് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികളിലെ സൗകര്യം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്, ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സെപ്റ്റംബർ 2014 മുതൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly